## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1906 — 19.06.2012-ൽ മറുപടിയ്ക്ക്

# ലോഡ്ഷെഡിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. സി. പി. മുഹമ്മദ് :<br>ശ്രീ.വർക്കല കഹാർ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ കാലത്ത് എപ്പോഴെല്ലാമാണ് ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയിരുന്നത് ; വിശദമാക്കുമോ ; | (എ) മുൻസർക്കാരിൻെറ കാലത്ത് 02-01-2008 മുതൽ 12-01-2008 വരെയും, 07-06-2009 മുതൽ 12-06-2009 വരെയും, 27-06-2008 മുതൽ 18-04-2009 വരെയും സംസ്ഥാനത്ത് എല്ലാ 11 KV ലൈനുകളിലും വൈകുന്നേരങ്ങളിൽ 6.30 p.m മുതൽ 10 p.m വരെ ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയിരുന്നു. എന്നാൽ 11-09-2008 & 12-09-2008 (ഓണം), 01-10-2008 (റംസാൻ), 07-12-2008 & 08-12-2008 (ബക്രീദ്), 24-12-2008 & 25-12-2008 (ക്രിസ്തുമസ്), 08-03-2009 മുതൽ 25-03-2009 വരെ (SSLC പരീക്ഷ) എന്നീ ദിവസങ്ങളിൽ ലോഡ്ഷെഡിംഗ് പിൻവലിച്ചിരുന്നു. |
| (ബി) ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയ സമയത്ത് വൈദ്യുതിയുടെ ആവശ്യവും ഉല്പാദനവും തമ്മിലുള്ള അന്തരം എത്രയായിരുന്നു; | (ബി) ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയ സമയങ്ങളിൽ വൈദ്യുതിയുടെ ആവശ്യവും ഉല്പാദനവും തമ്മിൽ ശരാശരി 400 മുതൽ 500 മെഗാവാട്ട് വരെ അന്തരം ഉണ്ടായിരുന്നു. |
| (സി) ഈ സർക്കാർ ലോഡ്ഷെഡിംഗ് ഏർപ്പെടുത്താനുണ്ടായ അടിയന്തിര സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ? | (സി) സംസ്ഥാനത്തെ വൈദ്യുതി ഉപഭോഗം മുൻ കാലങ്ങളിലേതിൽ നിന്നും വ്യത്യസ്തമായി ക്രമാതീതമായി വർദ്ധിക്കുകയും, വൈദ്യുതി ലഭ്യത കുറയുകയും ചെയ്തു. പവർ മാർക്കറ്റിൽ വൈദ്യുതിയുടെ വിലയിൽ ഭീമമായ വർദ്ധനവ് ഉണ്ടാ |

യതുകൂടാതെ സതേൺ റീജിയണിൽ മൊത്തത്തിൽ വൈദ്യുതിക്ഷാമം അനുഭവപ്പെടുകയുണ്ടായി. സതേൺ റീജിയണിലേക്ക് വൈദ്യുതി എത്തിക്കാനുള്ള പ്രസരണ ലൈനുകളുടെ ശേഷിക്കുറവു കാരണം പുറമേ നിന്നു വൈദ്യുതി എത്തിക്കാൻ കഴിയാതെ വന്നു. കർണ്ണാടക സർക്കാർ ഫെബ്രുവരി 1 മുതൽ മെയ് 31 വരെ അവരുടെ ആഭ്യന്തര സ്വകാര്യ ഊർജ്ജ ഉൽപ്പാദനം പുറമെ വിൽക്കുന്നതിനു നിരോധനം ഏർപ്പെടുത്തിയത് സതേൺ റീജിയണിൽ കൂടുതൽ വൈദ്യുതി ക്ഷാമത്തിനു കാരണമാവുകയും ചെയ്തു. ഈ സാഹചര്യത്തിൽ അടിയന്തിരമായി ലോഡ്ഷെഡിംഗ് ഏർപ്പെടുത്തേണ്ടി വന്നു.

സെക്ഷൻ ഓഫീസർ.